## പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2838

20/12/2012-ൽ മറുപടിയ്ക്ക്

### സ്കോളർ സപ്പോർട്ട് പദ്ധതി

**ചോദ്യം**

ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. ഐ.സി.ബാലകൃഷ്ണൻ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. ബെന്നി ബെഹനാൻ

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്കോളർ സപ്പോർട്ട് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) | ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വികസിപ്പിച്ചെടുക്കുക, ആധുനിക വാണിജ്യ വ്യാവസായിക മേഖലയിൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾക്ക വേണ്ടി വിദ്യാസമ്പന്നരായ ഒരു തലമുറയെ വാർത്തെടുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (ബി) | ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ; | (ബി) | സംസ്ഥാനത്തിലുള്ള ബിരുദ വിദ്യാർത്ഥികളെയും ബിരുദധാരികളെയുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ബിരുദ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠന വിഷയങ്ങളിൽ വിദഗ്ദരായവരെ പ്രയോജനപ്പെടുത്തിക്കൊണ്ട് സമയബന്ധിതമായി ക്ലാസ്സുകളും ചോദ്യപേപ്പറുകളും നൽകുക, വ്യക്തിഗത പരിശീലനം, വിശേഷാലുള്ള അദ്ധ്യാപനം തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. സർക്കാർ മേഖലയിലുള്ള ആർട്സ് & സയൻസ് കോളേജിലെ വിദ്യാർത്ഥികൾക്കുവേണ്ടിയാണ് ഒന്നാം ഘട്ടത്തിൽ പരിപാടികൾ നടപ്പിലാക്കുന്നത്. രണ്ടാം ഘട്ടത്തിൽ പ്രസ്തുത പരിപാടി എയ്ഡഡ് പ്രൈവറ്റ് കോളേജുകളിലെ വിദ്യാർത്ഥികളിലേക്കും വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് |
| സി) | പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ; വിശദമാക്കുമോ ; | സി) | യോഗ്യതാ പരീക്ഷയിൽ ഓരോ സെമസ്റ്ററിനും 60% മാർക്കിന് താഴെ വാങ്ങിയ വിദ്യാർത്ഥികളുടെ പഠന നിലവാരമുയർത്തുന്നതിലേയ്ക്കായി അങ്ങനെയുള്ള വിദ്യാർത്ഥികളെയാണ് ഈ പദ്ധതിയിൽ പ്രവേശിപ്പിക്കുന്നത്. കോളേജ് കൌൺസിലിന്റെ സഹായത്തോടെ ഓരോ കോളേജിലും പൊതുവിൽ വിദ്യാർത്ഥികൾ പ്രയാസം നേരിടുന്ന പരമാവധി ആറ് |

| | | | |
|---|---|---|---|
| | | | വിഷയങ്ങൾ തെരഞ്ഞെടുത്ത്. ഓരോ വിഷയത്തിനും ഒരു ഉപസമിതി രൂപീകരിച്ച് പഠിതാക്കളെ തെരഞ്ഞെടുക്കുന്നതിന് കോളേജ് പ്രിൻസിപ്പൽമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. പദ്ധതിയുടെ പോരായ്മകളും മികവും ഓരോ മാസത്തിലും യോഗ്യതാ കേന്ദ്രങ്ങൾ പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഒരു കോളേജിൽ നിന്നും 50 കുട്ടികളെയാണ് ഈ പദ്ധതിയിൽ പ്രവേശിപ്പിച്ചിട്ടുള്ളത്. |
| (ഡി) | വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി പദ്ധതിയിൽ എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ? | (ഡി) | കോളേജ് കൌൺസിലിന്റെ മേൽ നോട്ടത്തിൽ അതതു കോളേജിൽ നിന്ന് തന്നെ സന്നദ്ധരായ അദ്ധ്യാപകരുടെ പാനലുകൾ തയ്യാറാക്കി പഠിതാക്കൾക്ക് tutorials, additional lecturers, interactive sessions എന്നിവ സംഘടിപ്പിക്കുന്നു. കൂടാതെ വെബ് അധിഷ്ഠിത പഠനസംവിധാനവും പ്രയോജനപ്പെടുത്തുന്നുണ്ട്. ഓരോ വിഷയത്തിനും സന്നദ്ധരായ അദ്ധ്യാപകരെ തെരഞ്ഞെടുത്ത് അദ്ധ്യയനവർഷത്തിൽ ഓരോ വിഷയത്തിനും ഇരുപത് ക്ലാസ്സുകൾ നൽകുന്നതാണ്. കോളേജിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഭംഗം വരുത്താതെ റഗുലർ ക്ലാസ്സുകൾക്ക് മുമ്പും പിമ്പും ഒഴിവു ദിവസങ്ങളിലും ക്ലാസ്സുകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ